# കേരളം ജൈവകൃഷിയിലേക്ക്

**ഇക്കഴിഞ്ഞ സെപ്റ്റംബർ 7, 8 ന് സംസ്ഥാന സർക്കാരിന്റെ ജൈവകൃഷിനയം സംബന്ധിച്ച കരടുരേഖയുടെ അവതരണവും ചർച്ചയും നടന്നിരുന്നു. ഡോ. വി.എസ്. വിജയൻ ചെയർമാനായ കേരള സംസ്ഥാന ജൈവ-വൈവിദ്ധ്യ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്ന ഈ പരിപാടി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തപ്പോൾ രാസവളങ്ങളും കീടനാശിനികളും ഒഴിവാക്കി, ഭക്ഷ്യസുരക്ഷിതത്വം ഉറപ്പ് വരുത്തുമെന്നും ജനിതകമാറ്റം വരുത്തിയ വിദേശ വിളകൾ നിരോധിക്കുമെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. കാർഷിക-ആരോഗ്യ തകർച്ചയുടെ പശ്ചാത്തലത്തിൽ പുതിയൊരു കേരളത്തിലേക്ക് നയിക്കാവുന്ന ഈ കരടുരേഖ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നു. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.**

സ്വതന്ത്ര പരിഭാഷ : കാര്യാടൻ

## കേരള സംസ്ഥാന ജൈവകാർഷികനയവും പ്രവർത്തനപരിപാടിയും

**ദർശനം**

**കേരളത്തിലെ** കൃഷിയെ സുസ്ഥിരവും ലാഭകരവും അങ്ങാടിയിൽ മത്സരിച്ചുനിൽക്കാൻ പ്രാപ്തവുമാക്കുന്നതോടൊപ്പം മണ്ണിനെയും വെള്ളത്തെയും വിഷലിപ്തമാക്കാതെ എല്ലാവർക്കും ഭക്ഷണം ഉല്പാദിപ്പിക്കാൻ കെല്പുള്ളതാക്കുക.

**പശ്ചാത്തലം**

ഇന്ത്യക്ക് അഭിമാനിക്കാവുന്ന ഒരു കാർഷിക പാരമ്പര്യമുണ്ട്. ക്രിസ്തുവിന് 6000 വർഷങ്ങള്ക്ക് മുമ്പേയുള്ള പാരമ്പര്യം. സിന്ധുനദീതടത്തിലെ വാർഷിക വെള്ളപ്പൊക്കം നിക്ഷേപിക്കുന്ന എക്കലിനെ ആശ്രയിച്ചുള്ളത് സുസ്ഥിരമായ കാർഷിക രീതിയാണ് സിന്ധുനദീതടത്തിൽ നടന്നിരുന്നത്. അങ്ങനെ നമ്മുടെ സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും കാർഷിക രീതികളുടെ പ്രതിഫലനമായിത്തീർന്നു. ഈ അടുത്ത കാലം വരെ പ്രധാന വിളവെടുപ്പ്, രാജ്യത്തെവിടെയും ആഘോഷിക്കുന്നുണ്ടായിരുന്നല്ലോ?

വടക്കൻ കേരളത്തിൽ കൃഷിഭൂമിയെ ദേവതയായും പെണ്ണായും കാണുന്ന അവസ്ഥ വരെ എത്തി. പ്രസവാനന്തരം പെണ്ണുങ്ങൾ വിശ്രമം എടുക്കുന്നപോലെ വിളവെടുപ്പിന് ശേഷം മൂന്നുമാസത്തേക്ക് ഉഴുകുന്നത് പോലും നിരോധിച്ചിരിക്കുന്നു. അന്ധവിശ്വാസംപോലെ തോന്നിക്കാമെങ്കിലും ഈ നിരോധനംകൊണ്ട് കാലവർഷത്തിൽ മണ്ണൊലിപ്പുണ്ടാവാതെ ജൈവഭൂമിയെ സുസ്ഥിരമാക്കാനുതകുന്നുണ്ട്. അങ്ങനെ ചരിത്രാതീതകാലം മുതൽ നമ്മുടെ കാർഷിക സംസ്കാരം സുസ്ഥിരതയിലടിയുറച്ച, കാലം തെളിയിച്ച, കാലാവസ്ഥക്കനുയോജ്യമായ പരമ്പരാഗത വിളകളുടെ ജൈവ കൃഷിയിലൂന്നിനിന്നു.

ഒരു കാലത്ത് ലാഭകരമായി നടത്തിയിരുന്ന തീരപ്രദേശത്തെ പൊക്കാളി കൃഷിയും കണ്ണൂരിലെ കൈപ്പാട് കൃഷിയും പ്രകൃതിയുടെ സുസ്ഥിരതക്ക് വിഘാതമേൽപ്പിക്കാതെയുള്ള കൃഷിരീതിയുടെ, മനുഷ്യന്റെ ധൈഷണികതയുടെ മകുടോദാഹരണങ്ങളാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന ജനസഞ്ചയത്തിന് ആവശ്യമായ ആഹാരം ഉല്പാദിപ്പിക്കാനുള്ള ത്വരയിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഇത്തരം രീതികൾ അപ്രത്യക്ഷമായി. 'അധികം ഭക്ഷണം ഉല്പാദിപ്പിക്കുക' എന്ന മുദ്രാവാക്യവുമായി അരങ്ങേറിയ ഹരിതവിപ്ലവം ദേശീയ വെല്ലുവിളിയെ നേരിട്ടപ്പോളുണ്ടായ ഒരു സ്വാഭാവിക പരിണാമം മാത്രമായിരുന്നു. വർദ്ധിച്ചുവന്ന ജനസഞ്ചയത്തെ തീറ്റിപ്പോറ്റാനാവശ്യമായ ഭക്ഷണം ഉല്പാദിപ്പിക്കാൻ കഴിഞ്ഞ കാർഷികശാസ്ത്രജ്ഞരെ രാഷ്ട്രം നമിച്ചു. 1950-ൽ ഉണ്ടായിരുന്ന 50.8 ശതകോടി ടൺ ഭക്ഷ്യ ഉല്പാദനത്തിൽനിന്ന് 1970-71ൽ 108 ശതകോടിയും 2005-06ൽ 208.6 ശതകോടി ടണ്ണുമായി വർദ്ധിച്ചു. അസൂയാർഹമായ നേട്ടം!

എന്നിരുന്നാലും നൂറ്റാണ്ടുകളായി തുടർന്നുവന്ന പ്രകൃതിവിധ്വംസകമല്ലാത്ത ജൈവരീതികളെ പാടെ അവഗണിച്ചുകൊണ്ടുള്ള ഈ മുന്നേറ്റം അപരിഹാര്യമായ അസന്തുലിതാവസ്ഥയും നാശവും രാജ്യത്തെ ജൈവവ്യൂഹ(ഇക്കോസിസ്റ്റ)ത്തിന് വരുത്തിവെച്ചു. ഹരിതവിപ്ലവം പാരമ്പര്യവിളകൾക്ക് പകരം അതിവിളവുതരുന്ന ഇനങ്ങളെ പ്രതിഷ്ഠിച്ചു. ഉദ്ദിഷ്ടവിള നേടാൻ മണ്ണിലെ സ്വാഭാവിക വളം അപര്യാപ്തമായതിനാൽ രാസവളം ക്രമാതീതമായി ഉപയോഗിക്കേണ്ടിവന്നു. മണ്ണിന് പരിചയമില്ലാത്ത വിത്തുകളും രീതികളും പുതിയ അസുഖങ്ങളെയും കൃമികീടങ്ങളെയും കൊണ്ടുവന്നു. ഇതിനെ നിയന്ത്രിക്കാൻ അമിതമായ വിഷപ്രയോഗം വേണ്ടിവന്നു. പരിസ്ഥിതി പ്രശ്നങ്ങ

## ജൈവകൃഷി നയത്തിന്റെ ലക്ഷ്യങ്ങളും പരിപാടിയും

1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമാക്കുക.

2. മണ്ണിന്റെ സ്വാഭാവിക പോഷക ഗുണവും ഉല്പാദനക്ഷമതയും നിലനിർത്തുക.

3. മണ്ണ്-ജലസംരക്ഷണം ഉറപ്പ് വരുത്തുക.

4. കൃഷി-ഭക്ഷ്യ, പോഷകഗുണ സുരക്ഷിതത്വം ഉറപ്പ് വരുത്തുക.

5. ജൈവ ഉല്പന്നങ്ങളുടെ അങ്ങാടി ഉണ്ടാക്കുകയും കർഷകരാൽ നിയന്ത്രിക്കപ്പെടുന്നവിധം നിലനിർത്തുകയും ചെയ്യുക.

6. കാർഷിക രാസവസ്തുക്കളുടെ ഉപയോഗം വിലക്കുകയും രാസരഹിതമായ മണ്ണും വെള്ളവും ഭക്ഷണവും ഉറപ്പ് വരുത്തുകയും.

7. വിത്തിന്റേയും ഭക്ഷണത്തിന്റേയും പരമാധികാരം നിലനിർത്തുക.

8. പരിസ്ഥിതി സൗഹൃദമുള്ള കൃഷിയിലൂന്നി ജൈവ വൈവിദ്ധ്യം നിലനിർത്തുക.

9. കാർഷിക വിളകളുടെയും ജൈവ കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും ഗുണനിലവാരം നിയന്ത്രിക്കുക.

ളുടെ ഒരു പരമ്പരതന്നെ ഇങ്ങനെ തുറന്നുവിടപ്പെട്ടു.

മണ്ണിലെ സൂക്ഷ്മജീവികൾ നശിച്ചു. മണ്ണ് മരിച്ചു. വെള്ളത്തിന്റെ ആവശ്യം വർദ്ധിച്ചു. പരമ്പരാഗത വിത്തിനങ്ങൾ നഷ്ടപ്പെട്ടു. നൂറ്റാണ്ടുകളിലൂടെ ശീലിച്ച കൃഷിരീതി അന്യംനിന്നു. കൃഷിഭൂമിയും കൃഷിക്കാരനും തമ്മിലുണ്ടായ അനശ്വര ബന്ധം അവസാനിച്ചു. ചുരുക്കത്തിൽ കൃഷിയുടെ സുസ്ഥിരത നശിച്ചു. ഭക്ഷ്യസുരക്ഷിതത്വം വീണ്ടുമൊരു ബാലികേറാമലയായി.

ജൈവബാഹുല്യം കൃഷിയിടത്തിൽ ഒരു പഴങ്കഥയായി മാറി. ചീവിടും തവളയുമില്ലാത്ത കൃഷിഭൂമി നിശ്ശബ്ദയായി. തെങ്ങുകളിൽ നിത്യക്കാഴ്ചയായിരുന്ന നെയ്ത്തുകാരൻ പക്ഷിയുടെ കൂടുകൾ അപ്രത്യക്ഷമായി. കൃഷിഭൂമിയിലെ ഭക്ഷ്യചക്രത്തിന്റെ നാശം വെളിവാക്കിക്കൊണ്ട് ഈച്ച പിടിയന്മാരും പ്രാവുകൾ പോലും അപൂർവ്വ കാഴ്ചയായി അന്യം വന്നുകൊണ്ടിരിക്കുന്നു.

വായുവും വെള്ളവും മണ്ണും ദൂഷിതമാക്കപ്പെട്ടു. പാടങ്ങളിൽനിന്നുള്ള ഒഴുക്ക് ചതുപ്പുകളെയും കുളങ്ങളെയും നദികളെയും തടാകങ്ങളെയും വിഷലിപ്തമാക്കി മത്സ്യങ്ങൾ അപകടകരമാം വിധം ഖനലോഹങ്ങളും വിഷവസ്തുക്കളുമായി ജീവിക്കുന്നു.

അചിന്തനീയമാം വിധം ആരോഗ്യഭീഷണി ഉയർന്നു. മാരകമായ അസുഖങ്ങൾ കൂടി. ആശുപത്രികൾ വർദ്ധിച്ചു. മരുന്ന് കമ്പനികൾ അഭിവൃദ്ധി പ്രാപിച്ചു.

ഭക്ഷ്യവിളകൾ അനാകർഷകമായി. നാണ്യവിളകൾ കൂടുതൽ നേട്ടമുണ്ടാക്കി. മറ്റാവശ്യങ്ങൾക്കായി പാടങ്ങൾ നികത്തപ്പെട്ടു. നാണ്യവിളകൾ ചെയ്തിരുന്ന സ്ഥലം കഴിഞ്ഞ 20 കൊല്ലമായി വർദ്ധിച്ചു. ഭക്ഷ്യവിളകൾ ചെയ്തിരുന്ന സ്ഥലം കുത്തനെ കുറഞ്ഞു. (മൊത്തം കൃഷിസ്ഥലത്തിന്റെ 13% മാത്രം. 11-ാം പഞ്ചവത്സര പദ്ധതിയിൽ ഭക്ഷ്യവിളകൾക്ക് വേണ്ട മുൻഗണന കൊടുത്തിട്ടുണ്ട്. സാമ്പത്തികനേട്ടം ഉണ്ടാക്കുന്ന നാണ്യവിളകളുടെ ഏകവിള സമ്പ്രദായം മണ്ണൊലിപ്പിനും മണ്ണിന്റെ പോഷകശോഷണത്തിനും ഇടയാക്കുന്നുണ്ട്. ഇപ്രകാരം വയനാട് പോലെ കേരളത്തിലെ പലയിടങ്ങളിലും വൻതോതിലുള്ള ജലക്ഷാമം നേരിടുന്നു.

സാമ്പത്തിക ഉദാരവൽക്കരണവും ഡബ്ല്യു.ടി.ഒ. നയങ്ങളും കാർഷികവസ്തുക്കളുടെ വൻ വിലയിടിവിന് കാരണമായി. വൻതോതിൽ രാസവസ്തുക്കളും കീടനാശിനികളും ജലവും ഉപയോഗിക്കാൻ നിർബന്ധിതരായ കൃഷിക്കാർ കടക്കെണികളിൽ പെട്ടു. കർഷകരുടെ ഇടയിലെ ആത്മഹത്യാ വർദ്ധനവിന് ഇത് കാരണമായി. കൃഷിയുടെ മൂലധനം കർഷകരിൽനിന്ന് കാർഷികവ്യവസായങ്ങളിലേക്ക് മാറുകയും ഇതിൻ ഫലമായി കർഷകർ തളരുകയും കാർഷിക വ്യവസായികൾക്ക് എന്നാൽ നിലനിൽപ്പ് ഉറപ്പുവരുത്താനാവുകയും ചെയ്തു.

സുരക്ഷിതഭക്ഷണത്തിനുള്ള ജനങ്ങളുടെ പരമാധികാരത്തെ ദേശീയനയത്തിന്റെ ഭാഗമായുള്ള ബഹുരാഷ്ട്ര/ദേശീയ കുത്തകകളുടെ ചില്ലറ വില്പനരംഗത്തേക്കുള്ള വരവ് ഭീഷണിപ്പെടുത്തുന്നു. ഊതിവീർപ്പിക്കപ്പെട്ട ഭക്ഷ്യകാതങ്ങൾ കാർബണിക വിഘടനത്തിനും കാരണമായി. വംശശുദ്ധി വരുത്തിയ കാർഷികവിളകളും അപകടകരമായ പ്രചാരവും വിത്തിന്റെ കുത്തകാവകാശവും മുങ്ങിക്കൊണ്ടിരിക്കുന്ന കേരളകർഷകന്റെ മീതെവീഴുന്ന അവസാനത്തെ ഭാരമാകുന്നു.

ഹരിത വിപ്ലവത്തിന്റെ അധികവിള-രാസവള-കീടനാശിനി കൂട്ടുകെട്ടിനെതിരെയുള്ള ജയമില്ലാസമരത്തിലാണ് തങ്ങളെന്ന് കർഷകർക്ക് മന



സ്സിലായിത്തുടങ്ങിയിരിക്കുന്നു. ജലദൗർലഭ്യവും കൃഷിഭൂമിയുടെ പോഷകശോഷണവും കേരളത്തിലെ ജൈവവ്യവസ്ഥയെ തകിടം മറിഞ്ഞത് കൊണ്ടാണെന്നും കർഷകർക്ക് ബോധ്യമായിത്തുടങ്ങി. സുശക്തമായ പാരമ്പര്യരീതിയിലുള്ള കൃഷിരീതിയാണ് രക്ഷാമാർഗ്ഗമെന്ന് കേരള കൃഷിക്കാർക്ക് ബോദ്ധ്യപ്പെട്ടു. ''ജീവിക്കുക, ജീവിക്കാനനുവദിക്കുക'' എന്ന തത്വത്തിൽ അടിയുറച്ച് ജൈവകൃഷിരീതി പ്രചരിക്കാൻ ഇടയായത് അപ്രകാരമാണ്. ജൈവകൃഷി എന്നാൽ ധാന്യവിള മാത്രമല്ല. മൃഗസംരക്ഷണം പാലുൽപ്പാദനം, വനവൽക്കരണം, തേനുല്പാദനം എന്നീ രംഗങ്ങളിലെല്ലാം ജൈവരീതി സാദ്ധ്യമാണ്.

കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ഉപഭോക്താക്കൾ ബോധവാന്മാരാണ്. അതുകൊണ്ടുതന്നെ ജൈവോല്പന്നങ്ങൾക്ക് ആവശ്യക്കാരുണ്ട്. ആയതുകൊണ്ട് ജൈവഭക്ഷ്യവസ്തുക്കൾ താങ്ങാവുന്ന വിലയ്ക്ക് ജനങ്ങളിലെത്തിക്കാൻ പ്രോത്സാഹനം നൽകാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്.

ജൈവകൃഷി അപ്രായോഗികമാണെന്നും ഈ രീതി തുടർന്നാൽ ഭക്ഷ്യഉല്പാദനം കുത്തനെ ഇടിയുമെന്നും രാജ്യം പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്നും സംശയം പ്രകടിപ്പിക്കുന്നവരുണ്ട്. ഇത് ശരിയല്ല. ജൈവരീതിയിൽ അത്യുല്പാദനം നേടിയ അനുഭവങ്ങളുണ്ട്. ജൈവകൃഷി ഭക്ഷ്യസുരക്ഷിതത്വ സമ്മേളനം - 2007 ഇങ്ങനെ പറയുന്നു: ''അന്തർദ്ദേശീയ കൃഷി ജൈവരീതിയിലാക്കാൻ 2640ൽനിന്ന് 4380/വ്യക്തി/ദിനവും ഉല്പാദിപ്പിക്കാനാവും. ജൈവരീതിയിൽ സുശക്തമായ പ്രവർത്തനംകൊണ്ട് ഉല്പാദനം 56% വർദ്ധിപ്പിക്കാൻ വികസ്വര രാജ്യങ്ങൾക്കാവും. വൻതോതിൽ മുതൽ മുടക്കേണ്ട രാസവളരീതിയിൽ നിന്ന് ജൈവരീതിയിലേക്ക് മാറുമ്പോൾ ഉല്പാദനം കുറയുമെങ്കിലും വളപ്രയോഗമില്ലാത്ത രീതിയിൽനിന്ന് ജൈവരീതിയിലേക്ക് മാറുമ്പോൾ പക്ഷേ, വിളവ് ഇരട്ടിയാകുന്നു. ജൈവരീതി 33 മുതൽ 56 ശതമാനം വരെ കുറവ് ഊർജ്ജമേ ഉപയോഗിക്കുന്നുള്ളൂവെന്ന് കണ്ടെത്തിയിട്ടുണ്ട്.

ലോകത്ത് 22.81 ദശലക്ഷം ഹെക്ടർ ഭൂമിയിൽ ജൈവകൃഷി ചെയ്യുന്നു. വിപണിയിൽ അതിന് 3000 ദശലക്ഷം ഡോളർ വിലയുണ്ട്. 42402 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള 113 ദശലക്ഷം ജനങ്ങൾ വസിക്കുന്ന ക്യൂബ പൂർണ്ണ ജൈവ രാജ്യമാണെന്നുള്ള കാര്യം പ്രസ്താവ്യമാണ്.

അരനൂറ്റാണ്ടുകാലമായി ജൈവകൃഷി ശീലമാക്കിയ ജപ്പാനിലെ മസാനുബു ഫുക്കോക്കയുടെ 'ഒറ്റവൈക്കോൽ വിപ്ലവം' പ്രസിദ്ധപ്പെടുത്തിയശേഷമാണ് 80-കളിൽ കീടനാശിനി പ്രയോഗത്തിന്റെ ദുരന്തവശങ്ങളെക്കുറിച്ച് കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടത്. ഈ തത്വശാസ്ത്രത്തിൽ ആകൃഷ്ടരായ പലരും സ്വന്തം കൃഷിയിടങ്ങളിൽ ധീരമായി ജൈവരീതി നടപ്പിലാക്കാൻ തുടങ്ങി. 1990ലെ കാർഷിക പ്രതിസന്ധി ഈ മാറ്റത്തിന് ആക്കം കൂട്ടി. കേരളത്തിലിപ്പോൾ ഒരുപാട് അംഗീകൃത ജൈവകർഷകരുണ്ട്. പ്രത്യേകിച്ച് നാണ്യവിളകളായ സുഗന്ധദ്രവ്യങ്ങൾ, ചായ, കാപ്പി തുടങ്ങിയവ കൃഷി ചെയ്യുന്നവർ. വിദേശ അങ്ങാടിയെ ലക്ഷ്യമിട്ടവരാണ് ഈ കൃഷിക്കാർ. ജൈവോല്പന്നമെന്ന് അംഗീകരിച്ച് രേഖനൽകുന്ന സംഘടനകളും ഇപ്പോൾ കേരളത്തിലുണ്ട്.

സംസ്ഥാന കൃഷി വകുപ്പ് ഈയിടെയായി ജൈവകൃഷിയിൽ താല്പര്യം കാട്ടിത്തുടങ്ങിയിട്ടുണ്ട്. കൃഷി വകുപ്പ് 2002-03 ൽ ജൈവകൃഷി പ്രോത്സാഹന നടപടികൾ ആരംഭിച്ചു. അടുത്ത വർഷം തന്നെ സുസ്ഥിര കൃഷിയും ജൈവകൃഷിയും പ്രോത്സാഹിപ്പിക്കുന്ന ഒരു വിഭാഗം തുടങ്ങി. ''കേരള ഓർഗാനിക്'' ''കേരള നാച്ചറൽസ്'' എന്ന രണ്ട് ബ്രാഞ്ചുകൾ ജൈവവിള വിപ

## ജൈവ കൃഷിയുടെ നേട്ടങ്ങൾ

* ജൈവ വൈവിദ്ധ്യം, സൂക്ഷ്മ ജീവികൾ പുല്ല് -പുഴു-മൃഗാദികൾ എന്നിവയെ സംരക്ഷിക്കുകയും സമൃദ്ധമാക്കുകയും ചെയ്യുന്നു.

* ജൈവ കാർഷിക - സ്വാഭാവിക ഭൂസ്ഥിതി നിലനിർത്തുകയും സുസ്ഥിര ഉല്പാദനം പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

* ഭൂമിയുടെ ഉല്പാദനക്ഷമത നിലനിർത്തുന്നു- മണ്ണൊലിപ്പ് തടഞ്ഞും ലവണ നഷ്ടം ഒഴിവാക്കിയും

* ജല സംഭരണം പ്രോത്സാഹിപ്പിക്കുന്നു, കുറഞ്ഞ ജലം മാത്രം ഉപയോഗിക്കുന്നു

* പുനരുപയോഗിക്കാവുന്ന വസ്തുക്കൾ ഉപയോഗിക്കുന്നു.

* പുനരുപയോഗിക്കാനാവാത്ത ഊർജ്ജത്തെ ആശ്രയിക്കുന്ന യാന്ത്രികവും മറ്റുമായ ഊർജ്ജം.

* മൃഗങ്ങൾ ജൈവരീതിയുടെ അവിഭാജ്യ ഘടകമാണ് - അവ മണ്ണിന്റെ ഗുണം കൂട്ടുകയും കർഷകന് കൂടുതൽ ലാഭം ഉണ്ടാക്കുകയും ചെയ്യുന്നു.

* സ്വാഭാവിക പരിസ്ഥിതി വ്യൂഹത്തിന്റെ ദൂഷണം ഇല്ലാതാക്കുകയോ കുറക്കുകയോ ചെയ്യുന്നു.

* കാർഷിക വൈവിദ്ധ്യം കൂട്ടുന്നു-വിളകളിലും ഇനങ്ങളിലും.

* വരും തലമുറക്ക് ഉപയോഗിക്കാനാവുംവിധം നാട്ടറിവുകളും നാടൻ വിത്തുകളും അവയുടെ മേന്മ കൂട്ടുന്ന രീതിയും ശേഖരിച്ച് ഉപയോഗിച്ച് സംരക്ഷിക്കുന്നു.

* അതാതു സ്ഥലത്തെ അനുയോജ്യമായ രീതികൾ പിന്തുടർന്ന് ഉല്പാദനച്ചിലവ് കുറയ്ക്കുന്നു.

* ആരോഗ്യദായകവും പോഷകസമൃദ്ധവുമായ സമ്പൂർണ്ണ ഭക്ഷണം ഉല്പാദിപ്പിച്ച് ആരോഗ്യകരമായ ഭക്ഷണരീതി പ്രചരിപ്പിക്കുന്നു.

* ഭക്ഷ്യകാതങ്ങൾ കൂട്ടി കാർബണിക ബഹിർസ്ഫുരണം കുറയ്ക്കുന്നു.



ണനം ചെയ്യാനായി പ്രചരിപ്പിച്ചു. എൻ.പി.ഒ.പി.യുടെ നിലവാരത്തിൽ ഇപ്പോൾ കർഷകർ കേരളത്തിൽ കൃഷി ചെയ്യുന്നുണ്ട്. 5750 ഹെക്ടർ ഭൂമിയിൽ. അംഗീകാരമില്ലാത്ത ജൈവ കർഷകർ ഇതിലേറെ വരും.

ജൈവകൃഷിയുടെ പ്രാധാന്യം സംസ്ഥാന സർക്കാർ മനസ്സിലാക്കുന്നുണ്ട്. രാസകൃഷി ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളും അതിന്റെ സുസ്ഥിരതയില്ലായ്മയും പരിസ്ഥിതി വ്യൂഹത്തിന് അതുയർത്തുന്ന വെല്ലുവിളിയും തിരിച്ചറിയുന്നുണ്ട്. Biodiversity Strategy and Action Plan-ൽ സംസ്ഥാനത്തിന്റെ വ്യത്യസ്ത ജീവിതമാർഗ്ഗങ്ങളെ നിലനിർത്തികൊണ്ടുള്ള കാർഷികനയം വ്യക്തമാക്കിയിട്ടുണ്ട്.

1950 കളിൽ ഭക്ഷ്യ ദൗർലഭ്യതയുടെ ഭീകരത തിരിച്ചറിഞ്ഞുകൊണ്ട് ജവഹർലാൽ നെഹ്റു പറഞ്ഞു : കൃഷിയൊഴിച്ച് എല്ലാത്തിനും അവധാനപൂർവ്വം കാത്തിരിക്കാം. ഇപ്പോഴത്തെ അവസ്ഥയിൽ ഇങ്ങനെ പറയേണ്ടിവരും. ജൈവകൃഷിയും ഭക്ഷ്യ സുരക്ഷയുമൊഴിച്ച് എല്ലാത്തിനും ക്ഷമയോടെ കാത്തിരിക്കാം.

എഫ്.എ.ഒ. ഉദ്ദേശലക്ഷ്യങ്ങൾ ക്രോഡീകരിക്കുന്നു : ഉല്പാദനം കൂട്ടിയും, പ്രകൃതി വിഭവങ്ങളുടെ ജൈവ വൈവിദ്ധ്യം നിലനിർത്തിയും ഉപയോഗം കുറച്ചും, കർഷകരുടെ ലാഭം കൂട്ടിയും നഷ്ടസാദ്ധ്യത കുറച്ചും, ജൈവകൃഷി ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു. കർഷകർ തമ്മിലുള്ള ആശയവിനിമയവും മെച്ചപ്പെടുത്തുന്നു. പട്ടിണിയും ഗ്രാമീണ ജനങ്ങളുടെ പട്ടണങ്ങളിലേക്കുള്ള ഒഴുക്കും കുറക്കാൻ സഹായിക്കുന്നു. ഭക്ഷ്യലഭ്യത ഉറപ്പാക്കാനുള്ള പരിപാടികളിൽ ഇവയും പെടുന്നു: വിത്തിനുള്ള കർഷകന്റെ അവകാശം : അതാതു പ്രദേശത്തെ ജൈവവൈവിദ്ധ്യവും വിത്തിനങ്ങളും നിലനിർത്തൽ, ന്യായവില വ്യാപാരരീതി വ്യാപിപ്പിക്കൽ, അടിയന്തിര സഹായങ്ങളെത്തിക്കുന്നതിലും വിള ശേഖരിക്കുന്നതിലും നിലനില്ക്കുന്നരീതി പുന:പരിശോധിക്കുക ദേശീയ കർഷകന്റെ അവകാശങ്ങൾ ഉറപ്പ് വരുത്തുക.

**തന്ത്രങ്ങളും പ്രവർത്തന പദ്ധതിയും**

1. കർഷകർക്ക് ഗുണനിലവാരമുള്ള ജൈവവളങ്ങൾ ഉറപ്പുവരുത്തൽ

2. വിത്തും അനുബന്ധ വസ്തുക്കളും ഒരുക്കൽ

3. മണ്ണിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ ആവശ്യമായ ജലസംരക്ഷണ നടപടികൾ

4. കർഷകരുടെയും സംസ്ഥാനത്തിന്റെയും വിത്തിന്മേലുള്ള പരമാധികാരം ഉറപ്പുവരുത്തുക

5. പാരിസ്ഥിതികമായ സുസ്ഥിരതയും ജീവിതമാർഗ്ഗവും ഉറപ്പുവരുത്തുന്ന ബഹുവിളകൾ പ്രോത്സാഹിപ്പിക്കുക

6. കാർഷിക ജൈവ വൈവിദ്ധ്യവും വനവൈവിദ്ധ്യവും സംരക്ഷിക്കുക

7. 'ജൈവകേരളം' എന്ന പേരിൽ സംസ്ഥാനമൊട്ടാകെ ജൈവകൃഷി പ്രസ്ഥാനം പ്രചരിപ്പിക്കൽ പരിപാടി

8. ഘട്ടംഘട്ടമായി ജൈവകൃഷി നടപ്പാക്കാൻ സംവിധാനം ഒരുക്കൽ

9. ജൈവകൃഷിക്കുവേണ്ട കൂട്ടായ്മകളും സംഘങ്ങളും സംവിധാനങ്ങളും സംഘാടനങ്ങളും ഒരുക്കുക

10. കർഷകരുടെയും ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ശാക്തീകരണം

11. സംസ്ഥാനത്ത് മാതൃകാ സുസ്ഥിര ജൈവ കൃഷിയിടങ്ങൾ ഉണ്ടാക്കൽ

12. പ്രത്യേക ആദിവാസി കൃഷി പദ്ധതിയിലൂടെ പട്ടികവർഗ്ഗത്തിന്റെ ക്ഷേമവും ആരോഗ്യവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ

13. ജൈവകർഷക ഉല്പാദക കമ്പനികൾ രൂപീകരിക്കുക

14. കൃഷിയുല്പന്നങ്ങൾ സൂക്ഷിക്കുന്നതിനും ഗതാഗതത്തിനുംവേണ്ട സംവിധാനം ഒരുക്കൽ

15. കൃഷി ഉല്പന്ന മൂല്യവർദ്ധിത-ജൈവ ഭക്ഷ്യോല്പന്ന നിർമ്മാണത്തിനുവേണ്ട പ്രോത്സാഹനം

16. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി ബഹുതല മാർക്കറ്റിങ്ങ് സംവിധാനം ഒരുക്കൽ

17. ജൈവ സർട്ടിഫിക്കേഷനുവേണ്ടി സംസ്ഥാനത്തെ കർഷകർക്ക് ലളിതമായ നടപടിക്രമങ്ങൾ

18. ജൈവ കൃഷി പ്രോത്സാഹനത്തിന് സാമ്പത്തിക പിന്തുണ

19. പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുടെ ഉപയോഗത്തിനുവേണ്ട പ്രോത്സാഹനം

20. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജൈവകൃഷി പരിചയപ്പെടുത്തൽ

21. ജൈവകൃഷിക്കുവേണ്ടി ഗവേഷണവും വിദ്യാഭ്യാസവും പ്രചരണവും പുനഃക്രമീകരിക്കുക

22. രാസവള-കീടനാശിനികൾ സംസ്ഥാനത്ത് നിന്ന് ഇല്ലാതാക്കുക

23. ജൈവകൃഷിയുടെ പ്രോത്സാഹനത്തിനുവേണ്ടി സംഘാടന സംവിധാനം ഉണ്ടാക്കുക

24. വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും സമഗ്രമായ സംയോജനം.

*കേരള സ്റ്റേറ്റ് ബയോ-ഡൈവേഴ്സിറ്റി ബോർഡ്, പള്ളിമുക്ക്, പേട്ട പി.ഒ., തിരുവനന്തപുരം-24*